

# മോഹിപ്പിക്കുന്ന ദുരൂഹത

കാരൂർ സോമൻ


ആരും പ്രതീക്ഷിക്കാത്ത സമയത്തായിരുന്നു പമീലയുടെ ആ പരസ്യപ്രസ്താവന. 'സത്യം ഞാൻ തുറന്നുപറഞ്ഞാൽ അതൊരു ഭൂകമ്പം തന്നെ സൃഷ്ടിക്കും. എന്റെ ശരീരം പങ്കിട്ടവരുടെ പേരുകൾ ഞാൻ വിളിച്ചു പറഞ്ഞാൽ ബ്രിട്ടീഷ് ഭരണകൂടം നിലംപരിശാകും.'

അങ്ങനെ പറയാൻ തോന്നിയ നിമിഷങ്ങളെക്കുറിച്ച് ഓർത്ത് പമീല പിന്നീട് വിലപിച്ചിരുന്നിരിക്കാം.

കാരണം അതോടെയായിരുന്നു അത്രനാളും സ്വന്തം കൈവെള്ളയിൽ അമ്മാനമാടിക്കൊണ്ടിരുന്ന സാമ്രാജ്യം അവൾക്കു കൈമോശം വരാൻ തുടങ്ങിയത്. അന്നു വരെ ഒളിഞ്ഞാക്രമിച്ചിരുന്ന മാധ്യമങ്ങൾ പിന്നീട് പരസ്യമായി വാർത്തകൾ നൽകിത്തുടങ്ങി. അവളോട് പരിചയം കാണിക്കാൻ പോലും ഉന്നതന്മാർ ഭയപ്പെട്ടു...ദിവസേനയെന്നോണം പുറത്തുവന്ന പൊടിപ്പും തൊങ്ങലും വച്ച കഥകൾ കേട്ട്നിൽക്കക്കള്ളിയില്ലാതെ ഒടുവിൽ ലണ്ടൻ നഗരം പോലും ഉപേക്ഷിക്കേണ്ടതായി വന്നു.

അഭിസാരിക, ചാരസുന്ദരി... ഇതിലേതു വാക്കാണ് പമീല ബോർഡെസിന് ഏറ്റവും ചേരുകയെന്നറിയില്ല. അവളെക്കുറിച്ചു കേട്ട കഥകളും അവൾ തന്നെ പരസ്യപ്പെടുത്തിയ കഥകളും സത്യമാണോയെന്നും അറിയില്ല. ഇപ്പോഴും അദ്ഭുതപ്പെടുത്തുന്ന ഒരു സമസ്യയാണ് പമീല ബോർഡെസ്. പഠനത്തിൽ മിടുക്കി, ആരെയും ആകർഷിക്കാൻ തക്ക വിധം സുന്ദരി. ധനാഢ്യരായ മാതാപിതാക്കൾ, കലാകായികരംഗങ്ങളിൽ നിപുണ... എന്നിട്ടും അഴുക്കുന്നയിലായിരുന്നു പമീല പൂത്തുവിരിഞ്ഞു നിന്നത്. ബുദ്ധിയുള്ള സ്ത്രീകൾ അത്ഭുതം സൃഷ്ടിക്കും. മാദകലാവണ്യംകൂടി ഒത്തിണങ്ങിയാലോ? പിന്നെ പറയാനുമില്ല. ഭോഗലോലുപയായ ചക്രവർത്തിമാരുടെയും ഭരണകർത്താക്കളുടെയും അരമനയിൽ പടമഴിച്ചാടിയ കാമസുന്ദരിമാരുടെ, ചരിത്രത്തിന്റെ അങ്ങേത്തലയോളം നീളുന്ന കണ്ണികളിലായിരുന്നു പമീല ബോർഡെസ് ഇടം നേടിയത്.

പട്ടാള ഉദ്യോഗസ്ഥനായ മേജർ മഹേന്ദ്രസിംഗിന്റെയും ശകുന്തളയുടേയും മകളായി 1962 ഏപ്രിൽ 19-ാം തീയതിയായിരുന്നു പമീലയുടെ ജനനം. 'ചപലമനസ്കയുമായ ഈ കുട്ടി ബുധനെപ്പോലെ തന്നെ ഒരു സ്വസ്ഥതയുമില്ലാതെ ഓടിനടക്കുമെന്നായിരുന്നു.' പമീലയെക്കുറിച്ചുണ്ടായ ജാതക പ്രവചനം. മാതാപിതാക്കളാരും തന്നെ ജാതകപ്രവചനം അത്രകാര്യമാക്കിയില്ല. എന്നാൽ കുടുംബത്തിലെ മുതിർന്നവർ ജാതകത്തിലെ ദുഃസൂചനകളെ ഗൗരവമായിട്ടെടുത്തിരുന്നു. ധാരാളം സഞ്ചരിക്കുമെന്നും സൽക്കീർത്തി സമ്പാദിക്കുമെന്നുമൊക്കെയായിരുന്നല്ലോ പ്രവചനം. സഞ്ചരിച്ചുവെന്നതും നേര് തന്നെയായിരുന്നു. പക്ഷേ വേശ്യ എന്ന നിലയിലാണ് നാട്ടു മുഴുവൻ അറിയപ്പെട്ടതെന്നു മാത്രം. കുട്ടിക്കാലം മുതലേ അവൾ താന്തോ



നിയുമായിരുന്നു. 1962-ലെ ഇൻഡോ ചൈനാ യുദ്ധത്തിൽ മഹേന്ദ്രസിംഗ് മരിച്ചു. അതോടുകൂടി ശകുന്തളയും കുട്ടികളും ചാണ്ഡിഗറിലേക്ക് താമസം മാറ്റി. കുടുംബാംഗങ്ങളെല്ലാം പമീലയെ ഒരു ദുഃശകുനംപോലെ വെറുത്തു. ഇതിൽ പമീലയ്ക്ക് അമർഷവും വേദനയും ഉണ്ട്.

സാനവാറിലെ ലാറൻസ് സ്കൂളിൽ പമീല പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് ശകുന്തളയ്ക്ക് ഹരിയാനയിലെ സിവിൽ സർവ്വീസിൽ സെലക്ഷൻ കിട്ടിയത്. അതോടുകൂടി പമീലയുടെ പഠനം ജയ്പൂരിലെ പ്രസിദ്ധമായ മഹാറാണി ഗായത്രീദേവി സ്കൂളിലേക്ക് മാറ്റി.

പഠിത്തത്തിൽ മിടുക്കിയായിരുന്നു പമീല. കലാകായികരംഗങ്ങളിലും മികവുകാട്ടിയതുകൊണ്ട് പെട്ടെന്ന് എല്ലാവരുടേയും ശ്രദ്ധാകേന്ദ്രമായി. കുതിരസവാരിയിലും ടെന്നിസിലുമായിരുന്നു ഏറെ താല്പര്യം. ഇവ രണ്ടും ഉന്നതന്മാരുടെ വിനോദങ്ങളാണല്ലോ. ധനാഢ്യന്മാരുടെ ആൺപിള്ളേരുമായി നിരന്തരം ഇടപഴകാൻ ഇതൊരു കാരണമായി. അവരോടൊത്ത് കറങ്ങി നടക്കുന്നതിൽ പമീല വലിയ താല്പര്യംതന്നെ കാണിച്ചു. സാധാരണ പെൺകുട്ടികളെപ്പോലെ ഫാഷൻ തുണിത്തരങ്ങളിലോ സൗന്ദര്യ വർദ്ധകവസ്തുക്കളിലോ പമീലയ്ക്കു താല്പര്യമില്ലായിരുന്നു. അതൊന്നും കൂടാതെ തന്നെ അപ്പോൾ അവൾക്കു മാദകലാവണ്യം വേണ്ടതിലധികമുണ്ടായിരുന്നു.

നീണ്ടുമെലിഞ്ഞ് സുന്ദരിയായ പമീല സ്വന്തം സൗന്ദര്യത്തിന്റെ സാധ്യതകളെക്കുറിച്ച് ബോധവതിയായിരുന്നു. അംഗവടിവിന്റെ അതിശയം കൊണ്ട് സഹപാഠികളിൽ അസൂയയുളവാക്കി. അന്നവൾക്ക് പതിനെട്ടു വയസ്സേ ആയിരുന്നുള്ളൂ. നിത്യവും വ്യായാമം ചെയ്യുമായിരുന്നു.

പുകവലിക്കുക, ആൺപിള്ളേരൊത്തു കറങ്ങി നടക്കുക തുടങ്ങിയവ ആയിരുന്നു പമീലയുടെ ഹോബി. അപ്രായോഗികമായ പരാക്രമം കാട്ടുന്നതിൽ പമീല മുൻപന്തിയിൽ തന്നെ ആയിരുന്നു.

ഒരിക്കൽ സെന്റ് സ്റ്റീഫൻ കോളജിലെ ഒരു യുവാവിനെ കൂട്ടുകാർ നോക്കിനിൽക്കേ കെട്ടിപ്പിടിച്ചു ചുംബിച്ചു. മറ്റൊരിക്കൽ കൂട്ടുകാരൊത്തു ചീട്ടുകളിച്ചുകൊണ്ടിരുന്നപ്പോൾ കറന്റുപോയ തക്കം നോക്കി അവൾ ജീൻസ് അഴിച്ചെറിഞ്ഞു. വെറും കുർത്തയും ധരിച്ചുകൊണ്ടുള്ള അവളുടെ ഇരിപ്പ് കൂട്ടുകാരെ പ്രത്യേകിച്ചും ആൺപിള്ളേരെ സ്തബ്ധരാക്കികളഞ്ഞു. വേറൊരിക്കൽ ടെന്നീസ് കോർട്ടിൽ വച്ച് ടീ-ഷർട്ട് ഊരിയെറിഞ്ഞു.

ഇന്നു അറിയപ്പെടുന്ന പമീലയുടെ ശരിയായ ജീവിതം ആരംഭിക്കുന്നത് 1981-ൽ അവൾ ബോംബെയിൽ എത്തിയതോടുകൂടിയാണ്. ഒരു മോഡലെന്നനിലയിൽ ധാരാളം ഫാഷൻ ഫോട്ടോഗ്രാഫർമാരുമായി ലോഹ്യത്തിലായി. 'ഫെമിന' സംഘടിപ്പിച്ച സൗന്ദര്യമത്സരത്തിൽ പമീല 'മിസ് ഇന്ത്യ' ആയി തെരഞ്ഞെടുക്കപ്പെട്ടു. ആ ഒറ്റ രാത്രികൊണ്ട് അവൾ പ്രസിദ്ധിയുടെ കൊടുമുടികൾ കീഴടക്കി. പമീലയുടെ അശ്വമേധത്തിന്റെ തുടക്കം അവിടെ ആരംഭിച്ചു. 'മിസ് ഇന്ത്യ' ആയതോടുകൂടി സിനിമയിൽ അഭിനയിക്കാൻ കരാറുകൾ ചെയ്തു, മോഡൽ രംഗത്തുള്ള സാധ്യതകളുമേറി. പക്ഷേ സിനിമാരംഗത്തു ശോഭിക്കാൻ പമീലയ്ക്കു കഴിഞ്ഞില്ല. ജെയിംസ് ബോണ്ട് പരമ്പരയിലെ 'ഒക്ടോപസ്സി' എന്ന ഹോളിവുഡ് ചിത്രത്തിൽ പമീലയ്ക്കു ചെറിയൊരു റോൾ ലഭിച്ചെങ്കിലും ശ്രദ്ധിക്കപ്പെടാതെ പോയി.

# കഥപോലെ പെൺജീവിതങ്ങൾ

1982ൽ മിസ്‌യൂണിവേഴ്സ് മത്സരത്തിൽ പങ്കെടുക്കാൻ പമീല പെറുവിലെത്തി. ആ യാത്ര അവളുടെ വിവാദ ബഹുലമായ ജീവിതത്തിന്റെ തുടക്കമായിരുന്നു. മത്സരത്തിൽ തോറ്റു. നേരെ പോയത് ലോസ് ഏഞ്ചൽസിലേക്കായിരുന്നു. ബോംബെയിലെ ഒരു കള്ള അഡ്രസ് നൽകി. ആറുമാസത്തോളം അവിടെ പിടിച്ചുനിന്നു. പമീലയുടെ വിവാഹകഥകൾ പ്രഹേളികപോലെയാണ്. അവിശ്വസനീയമായ ഒരു വിവാഹപരമ്പര. ആദ്യമായി വിവാഹം ചെയ്തത് ഏതോ ഒരു 'സിംഗി'നെയാണുപോലും. പിന്നീട് ഡൊമിനിക് ബോർഡസിനെ ഭർത്താവാക്കുകയും ഫ്രഞ്ച് പൗരത്വം സ്വീകരിക്കുകയും ചെയ്തു. അങ്ങനെ 'പമീലാ ബോർഡെസ്' ആയി 1985ൽ ലണ്ടനിലെത്തി. കുതിരസവാരി ചെയ്യാനും ടെന്നീസ് കളിക്കാനും അവിടെ ധാരാളം കുബേര സുഹൃത്തുക്കളെ ലഭിച്ചു. റൊമേനിയയിലെ പോൾ രാജകുമാരൻ, ഇറ്റലിയിലെ പാർലോകൊളൊൺ ബെറ്റി പ്രഭു, 'റോളിംഗ് സ്റ്റോൺ' എന്ന റോക്ക് ഗായകസംഘത്തിലെ സൂപ്പർസ്റ്റാറായ വിൽവൈമേൻ എന്നിങ്ങനെ നീളുന്നു പമീലയോടൊപ്പം കേട്ട പേരുകൾ. സൺഡേ ടൈംസിലെ എഡിറ്ററായ ആൻഡ്രൂനീലുമായും, സൺഡേ ഒബ്സർവറിലെ എഡിറ്ററായ ഡോണാൾഡ്ടറൾ ഫോർഡുമായും സുദൃഢമായ ബന്ധമാണ് പമീല പുലർത്തിയിരുന്നത്. ഇതെല്ലാം ലോകം മുഴുവനുമുള്ള പത്രങ്ങൾ വലിയവാർത്താ പ്രാധാന്യം നല്കി. ആൻഡ്രൂനിൽ 1988 ഏപ്രിലാണ് പമീലയെ വിവാഹം കഴിച്ചത്. പക്ഷേ ആഗസ്റ്റിൽ അയാൾ ബന്ധമൊഴിഞ്ഞു. കോപാകുലയായ പമീല കത്രികകൊണ്ട് അയാളുടെ വസ്ത്രം മുഴുവൻ അറുത്തുമുറിച്ചു കളഞ്ഞു.

ഡേവിഡ് ഷാ എം.പിയായിരുന്നു പമീലയെ പാർലിമെന്റിൽ എത്തിച്ചത്. എം.പി ആയ വെല്ലിംഗ്ഹാമിന്റെ സഹായത്തോടെ ഡേവിഡ് ഷാ പമീലയ്ക്കുവേണ്ടിയുള്ള പാസ് ഒപ്പിച്ചു. പക്ഷേ പമീലയെക്കുറിച്ചുള്ള വാർത്തകൾ പത്രങ്ങളിൽ ഇടംപിടിച്ചു തുടങ്ങിയതോടെ കാര്യങ്ങളെല്ലാം സങ്കീർണമായി. 1989 മാർച്ച് 12ന് 'ന്യൂസ് ഓഫ് ദ വേൾഡിൽ' വിസ്ഫോടനാത്മകമായ ഒരു വാർത്ത പ്രത്യക്ഷപ്പെട്ടു. 'പൊതുജനസഭയിൽ ഒരു വേശ്യ പണിയെടുക്കുന്നു. പണത്തിനുവേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്ത പെണ്ണ്'... പാർലമെന്റിൽ വാർത്ത കോളിളക്കമുണ്ടാക്കി. ഡേവിഡ്ഷാ എം.പിയുടെ അസിസ്റ്റന്റായി പ്രവർത്തിച്ച പമീലയെക്കുറിച്ച് പത്രങ്ങൾ ഒരുപാടെഴുതി. ചെറിയ ശമ്പളം പറ്റുന്നവൾ മണിമാളികയിൽ താമസിക്കുന്നു. സമൂഹത്തിലെ ഉയർന്ന ആൾക്കാരുമായി അടുത്തിടപഴകുന്നു എന്നൊക്കെ.

ബ്രിട്ടീഷ് പാർലമെന്റിലെ കോളിംഗ് ബെൽ പമീലയുടെ കിടപ്പുമുറിയിലും ശബ്ദിച്ചിരുന്നു. ഇതിനെക്കുറിച്ച് ഒരു പത്രം നടത്തിയ കമന്റ് രസകരമാണ് 'പമീലയുടെ വീട്ടിൽ മണി ഘടിപ്പിച്ചിരിക്കുന്നത് വളരെ ജിജ്ഞാസയുളവാക്കുന്നു. അംഗങ്ങളെല്ലാം പാർലമെന്റിൽ പോകേണ്ട കാര്യം മറന്ന് വേശ്യാസക്തന്മാരായി തീർന്നോ? അതോ ചില വി.ഐ.പി.കൾ പാർലമെന്റിൽ എത്തേണ്ട സംഗതി ഓർമ്മിപ്പിക്കാൻ സ്ഥാപിച്ചതാണോ? ഇതിനിടയിലാണ് പമീല വിവാദപ്രസ്താവന നടത്തിയത്. എരിയുന്ന തീയിൽ എണ്ണ ഒഴിക്കുംപോലെ ആയിരുന്നുവത്. ഇതോടുകൂടി പമീലയുടെ മതിപ്പിടിഞ്ഞു. അവൾ ലണ്ടൻ നഗരം വിട്ടു, ലോകം മുഴുവൻ അലഞ്ഞുതിരിഞ്ഞു.

ചെറുകിട പത്രങ്ങൾ പമീലയെക്കുറിച്ചുള്ള 'ഗോസിപ്പുകൾ' വീണ്ടും തുടർന്നുകൊണ്ടിരുന്നു. ഒപ്പം ആഭാസചിത്രങ്ങളും. ബ്രിട്ടീഷ് ക്യാബിനറ്റ് മന്ത്രിമാരുമായൊക്കെ ശൃംഗാരകേളികളാടുന്ന ലോകത്തിലെ ഏറ്റവും കുപ്രസിദ്ധിയുള്ള സുന്ദരിയായിട്ടാണ് പമീലയെ പത്രങ്ങൾ ചിത്രീകരിച്ചത്.

പമീലക്കഥ പാർലമെന്റിന് വീണ്ടുമൊരു പ്രശ്നമായി. സെക്യൂരിറ്റി പ്രശ്നം ഉന്നയിച്ച

കൊണ്ട് പത്രങ്ങൾ ഉറഞ്ഞുതുള്ളി. പക്ഷേ ഇന്റലിജന്റ് അധികാരികൾ അതൊന്നും അത്ര കാര്യമാക്കിയെന്നു തോന്നുന്നില്ല. അവരുടെ നിസംഗത ശരിയാണെന്ന് പിന്നീട് തെളിയിക്കുകയും ചെയ്തു.

പത്രക്കാർ നഗ്നചിത്രങ്ങളെടുക്കാൻ തങ്കനാണയങ്ങൾ വാരിവിതറിക്കൊണ്ട് പമീലയുടെ പിന്നാലെ കൂടി. 'മെൻ ഒൺലി' മാസിക 75000 പൗണ്ട് ആണ് വാഗ്ദാനം ചെയ്തത്. ഇതിനിടയ്ക്ക് ലിബിയൻ ചാരൻമാരുമായി പമീല വഴക്കുണ്ടാക്കിയെന്ന് ഈവനിംഗ് സ്റ്റാൻഡേർഡ് ആരോപിച്ചു. കേണൽ ഗദ്ദാഫിയുടെ ഒരു ബന്ധുവായ കേണൽ ഫെഡമിനൊത്തു പമീല പാരീസിൽ നിത്യസന്ദർശനം നടത്തുന്നുവെന്ന് മറ്റൊരു ആരോപണം. സംഗതി ശരിയായിരുന്നു. ഫെഡെമിന്റെ കപ്പലിൽ ഫെഡമിനോടൊപ്പം പമീല പലതവണ ട്രിപ്പോളിയയിൽ പോയിട്ടുണ്ട്. പക്ഷേ അന്വേഷണത്തിൽ മറ്റൊരു സംഗതി കൂടി തെളിഞ്ഞു. ലൈംഗിക ബന്ധം നടത്തിയതിന് പമീല ഫെഡമിൽനിന്ന് വൻതോതിൽ പണം ഈടാക്കിയിരുന്നു. മറ്റു പല വിശിഷ്ടവ്യക്തികളിൽ നിന്നും പമീല ഇതേരീതിയിൽ പണം വാങ്ങിയിട്ടുണ്ട്. പക്ഷേ ചാരപ്രവർത്തനം നടത്തിയെന്നു പറയുന്നതിലെ സത്യം മാത്രം പുറത്തു വന്നില്ല. എങ്കിലും ജോർജ് ബുഷ് പ്രസിഡന്റായിരുന്നപ്പോൾ അമേരിക്കൻ എംബസിയിൽ ഒരുക്കിയ വിരുന്നു സൽക്കാരത്തിന് പമീല ക്ഷണിക്കപ്പെട്ടത് ഒരു അത്ഭുതം തന്നെയാണ്. ഉന്നതവ്യക്തികളുമായുള്ള പമീലയുടെ ബന്ധത്തിന് വേറെ തെളിവ് വേണോ?

മറ്റൊരു രസകരമായ കഥ: 1983-ൽ പമീല അമേരിക്കയിൽ ആദ്യമായിട്ടെത്തിയപ്പോൾ അവിടുത്തെ പ്രസിദ്ധ വ്യവസായിയായ ബീനാരമണിയുടെ അതിഥിയായിട്ടാണ് കഴിഞ്ഞത്. രമണി പമീലയെ തന്റെ കൂട്ടുകാർക്ക് പരിചയപ്പെടുത്തിക്കൊടുത്തു. പക്ഷേ അല്പദിവസങ്ങൾക്കുള്ളിൽ പമീല അവരുടെ, രമണിയേക്കാൾ ഉറ്റ സുഹൃത്തായി മാറി.

രാഷ്ട്രാന്തരീയ ആയുധ ഇടപാടുകാരനായ അദ്നാൻ ഖഗോഷിയുടെ നാബില്ല എന്ന ലക്ഷ്വറി കപ്പലിൽ വച്ച് പമീലയെ കണ്ടവരുണ്ട്.

ഖഷോഗി തന്റെ വ്യവസായതാല്പര്യങ്ങൾക്കുവേണ്ടി മാദകസുന്ദരിമാരെ ഉപയോഗപ്പെടുത്തിയിരുന്നുവെന്നത് ലോകപ്രസിദ്ധമാണ്. പമീലയും കുറെക്കാലം നബീലയിൽ കഴിഞ്ഞിരിക്കണം. എന്തായാലും പമീല ഖഷോഗിയുമായി നല്ല ബന്ധത്തിലായിരുന്നു. ഖഷോഗിയുടെ പാരീസിലുള്ള വസതിയിലും പമീല കുറേക്കാലം താമസിച്ചു. പത്രത്താളുകളിലൂടെ വാർത്തകൾ പൊടിപ്പും തൊങ്ങലും വച്ചു നിവർന്നപ്പോൾ പിടിച്ചു നില്ക്കാൻ കഴിയാതെ പമീല ലണ്ടൻ നഗരം വിട്ടു. നേരെ ഹോങ്കോങ്ങിലേക്കാണു പോയത്. അവിടെ നിന്ന് സിങ്കപ്പൂരിലേക്കും പിന്നീട് ബാലിയിലേക്കും. ബാലിയിൽ വച്ച് പമീല ഒരപകടത്തിൽ പെട്ടു നിസ്സാര പരുക്കുകളോടെ രക്ഷപെട്ടു.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞു പമീല വീണ്ടും ലണ്ടനിലെത്തി. അവിടെവച്ച് ആത്മകഥ പത്രങ്ങൾക്കു പ്രസിദ്ധീകരണത്തിനു നല്കി. അതിലൂടെ അവൾ വെളിപ്പെടുത്തി, "ചന്ദ്രസ്വാമിയാണ് തന്നെ ഈ ലൈംഗിക നാടകങ്ങളുടെ ചതുപ്പിലേക്ക് വലിച്ചിഴച്ചതെന്ന്. ഒരിക്കലും ചാരപ്രവർത്തനത്തിലേർപ്പെട്ടിട്ടില്ലെന്നും തുടർന്നെഴുതി. തന്നെ സമീപിക്കുന്നവരിൽ നിന്നും പണം ഈടാക്കിയിരുന്നു എന്നത് ശരിയാണെങ്കിലും മന്ത്രിമാരുടെയും പാർലമെന്റംഗങ്ങളുടെയും കൂടെ ഒരിക്കലും ശയിച്ചിട്ടില്ലെന്നും അവൾ വെളിപ്പെടുത്തി. ഉന്നതാധികാരികളിൽ നിന്നും പണം വാങ്ങി പമീല നുണ പറഞ്ഞതാണോ അതോ പറഞ്ഞതെല്ലാം സത്യമാണോയെന്നെല്ലാം ഇന്നും ദുരൂഹം തന്നെ.